കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): സർ, ഓണക്കാലത്ത് ഫെസ്റ്റിവൽ അലവൻസ് സാധാരണ തൊഴിലാളികൾക്കും മറ്റുള്ള ആളുകളുടെ കീഴിൽ വർക്ക് ചെയ്യുന്നവർക്കും കൊടുക്കുന്നുണ്ട്. സ്വയം തൊഴിൽ ചെയ്യുന്നവർക്ക് ഫെസ്റ്റിവൽ അലവൻസ് കൊടുക്കുന്നതിനുള്ള വ്യവസ്ഥയില്ല.

(16) മണലൂർ നിയോജകമണ്ഡലത്തിലെ അബൂബക്കറിനെ കൊലപ്പെടുത്താൻ ശ്രമിച്ചതും ആന്റോ മരണപ്പെട്ടതും സംബന്ധിച്ച്

എം. കെ. പോൾസൺ മാസ്റ്റർ: സർ, പാവറട്ടി പോലീസ് സ്റ്റേഷനതിർത്തിയിൽ പി. പി. അബൂബക്കർ എന്ന വ്യക്തിയെ 27-9-2000-ൽ ക്രൂരമായി കൊലചെയ്യാൻ ശ്രമിക്കുകയുണ്ടായി. മണലൂർ പഞ്ചായത്തിൽ തലക്കോട്ടുകര പൈലി മകൻ ആന്റോ 26-11-2001-ന് സംശയാസ്പദമായ സാഹചര്യത്തിൽ മരണപ്പെടുകയുണ്ടായി. ഈ രണ്ടു കേസുകൾ ക്രൈംബ്രാഞ്ച് ഏറ്റെടുത്തെങ്കിലും അന്വേഷണം ഇതുവരെ ഒന്നുമായിട്ടില്ല. അതുകൊണ്ട് അന്വേഷണം ഊർജ്ജിതമാക്കണമെന്നും കുറ്റക്കാരെ ശിക്ഷിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, ബഹുമാനപ്പെട്ട മെമ്പർ ആവശ്യപ്പെട്ട രീതിയിൽ ഈ രണ്ടു കേസുകളും ക്രൈംബ്രാഞ്ചിനെ ഏല്പിച്ചു. ക്രൈം ബ്രാഞ്ച് അന്വേഷണം നടത്തുകയാണ്. അന്വേഷണത്തിന് വേഗത പോരായെന്നുള്ള പരാതി തീർച്ചയായിട്ടും ഗവൺമെന്റ് പരിശോധിക്കുന്നതാണ്. അന്വേഷണം കൂടുതൽ വേഗതയിലാക്കുന്നതിനും പ്രതികളെ എത്രയും വേഗം കണ്ടെത്തുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്.

(17) തൊടുപുഴ ട്രൈബൽ മേഖലയിലെ സർക്കാർ എൽ. പി. സ്കൂളുകൾ യു.പി. സ്കൂളുകളായി ഉയർത്തണമെന്ന ആവശ്യം

പി. ടി. തോമസ്: സർ, എന്റെ നിയോജകമണ്ഡലത്തിലെ വണ്ണാപ്പുറം പഞ്ചായത്തിൽ പട്ടയക്കുടി ആദിവാസി മേഖലയിലെ എൽ. പി. സ്കൂളും ഉടുമ്പന്നൂർ പഞ്ചായത്തിലെ ഉപ്പുകുന്ന് മലയിഞ്ചി ആദിവാസി എൽ. പി. സ്കൂളുകളും യു. പി. സ്കൂളുകളായി അപ് ഗ്രേഡ് ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. 1950 കാലഘട്ടത്തിൽ പ്രധാന മന്ത്രിയായിരുന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്റു നേര്യമംഗലം വഴി കടന്നുപോയപ്പോൾ അദ്ദേഹത്തെ സന്ദർശിച്ച ആദിവാസികൾ നൽകിയ നിവേദനത്തെ തുടർന്നാണ് പട്ടയക്കുടി സ്കൂൾ അനുവദിച്ചത്. അരനൂറ്റാണ്ട് പിന്നിട്ടിട്ടും പ്രസ്തുത സ്കൂൾ അപ്ഗ്രേഡ് ചെയ്തിട്ടില്ല. മറ്റ് രണ്ട് സ്കൂളുകളും അപ്ഗ്രേഡ് ചെയ്യേണ്ടതാണ്. അതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly